POLICE DEPARTMENT—PROMOTIONS TO CONSTABLES AND HEAD-CONSTABLES

98. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ:—

(എ) റാവു ബഹദൂർ എം. നാരായണമേനോൻ അവർകൾ പോലീസ്സ് കമ്മീഷണറായി വന്നതിനുശേഷം പോലീസ്സ് കോൺസ്റ്റബിൾമാരിൽനിന്നു ഹെഡ്കോൺസ്റ്റബിൾമാരായും ഹെഡ്കോൺസ്റ്റബിൾമാരിൽനിന്നു ഇൻസ്പെക്ടർമാരായും പ്രമോഷൻ കൊടുത്തിട്ടുള്ളവരുടെയും കിട്ടീട്ടുള്ളവരുടെയും ജാതിതിരിച്ചു മറു പട്ടിക ഓരോ കൌൺസിലരുടെയും മേശപ്പുറത്ത് വെക്കാമൊ?

റാവുബഹദൂർ എം. നാരായണമേനോൻ: പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (III-ാം അനുബന്ധം നോക്കുക)

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കോൺസ്റ്റബിൾമാരെ ഹെഡ്കോൺസ്റ്റബിൾമാരാക്കുന്ന അവസരത്തിലും, ഹെഡ്കോൺസ്റ്റബിൾമാരെ ഇൻസ്പെക്ടർമാരാക്കുന്ന സന്ദർഭത്തിലും കമ്മീഷണറി നോക്കി പ്രമോഷൻ കൊടുക്കാറുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: അതിനു യോഗ്യതയുള്ള ആളുകളെ പ്രത്യേകം പരീക്ഷണം നടത്തിയാണ് പ്രമോഷൻ കൊടുക്കാറുള്ളത്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കമ്മീഷണറി നോക്കി കൊടുക്കാറുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: കമ്മീഷണറി നോക്കി കൊടുക്കുവാൻ സാധിക്കയില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സീനിയോറിട്ടി നോക്കിയാണൊ പ്രമോഷൻ കൊടുക്കുക?

റാവുബഹദൂർ എം. നാരായണമേനോൻ: സീനിയോറിട്ടി നോക്കും, എഫിഷിലിറ്റി നോക്കും, എഫിഷ്യൻസി നോക്കും, മറ്റുള്ളതു നോക്കും, യോഗ്യത നോക്കും. ഇതൊക്കെ നോക്കിയാണ് പ്രമോഷൻ കൊടുക്കുക.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഇന്നാളുകൾക്കു പ്രമോഷൻ കൊടുക്കണമെന്നു തീർച്ചയാക്കിയതിനുശേഷമാണൊ ഈ പരീക്ഷണം നടത്തുന്നതു?

റാവുബഹദൂർ എം. നാരായണമേനോൻ: സാധാരണ പരീക്ഷകൾ അങ്ങിനെയാണൊ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II—*(cont.)*

Serial No.	Name of work	Estimate amount or approximate cost Rs.	Expenditure Rs. A. P.	Remarks
19	Iyyapadam road, Cheranellur..	1,000	..	Panchayat asked to arrange for work
20	Road from church to Konath river, Mulanthuruthi ..	700	..	Estimate under scrutiny
21	Kottayil Kovilakam road Chennamangalam ..	232	232 0 0	Work nearing completion

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

(Please see answer to question No. 98)

കാൺസ്റ്റബിൾമാരിൽനിന്നു ഹെഡ് കാൺസ്റ്റബിളായി പ്രമോഷൻ കൊടുത്തിട്ടുള്ളവരുടെ പട്ടിക.

ക.	നായന്മാർ	ക ൦
ഖ.	ഈഴവർ	൪
ഗ.	ക്രസ്ത്യാനികൾ	ൟ
ഘ.	തമിഴ് ബ്രാഹ്മണർ	ന
ങ.	മുഹമ്മദീയർ	ക
ച.	എഴുത്തച്ഛൻ	ഹ
ഛ.	പുലയർ	ക

ഹെഡ് കാൺസ്റ്റബിൾമാരിൽനിന്നും ഇൻസ്പെക്ടർമാരായി പ്രമോഷൻ കൊടുത്തിട്ടുള്ളവരുടെ പട്ടിക.

ക.	നായന്മാർ	ക
ഖ.	ഈഴവർ	ക
ഗ.	ക്രസ്ത്യാനികൾ	ന
ഘ.	വരിയർ	ക
ങ.	മാരാർ	ക